പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1547 1-11-2019-ന് മറുപടിയ്ക്ക്

**ഇടുക്കി ജില്ലയിൽ വെജിറ്റബിൾ പാർക്ക് സ്ഥാപിക്കുവാൻ നടപടി**

**ചോദ്യം**

ശ്രീമതി. ഇ.എസ്.ബിജിമോൾ

**ഉത്തരം**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സർക്കാരിന്റെ ജി.ഒ (എം.എസ്) നമ്പർ 1/2018/എഡി ഉത്തരവ് പ്രകാരം ഇടുക്കി ജില്ലയിൽ വെജിറ്റബിൾ പാർക്ക് സ്ഥാപിക്കുന്നതിന് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 15 കോടി രൂപ അനുവദിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ ജില്ലയിൽ വെജിറ്റബിൾ പാർക്ക് സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | ഇടുക്കി ജില്ലയിൽ വട്ടവട പഞ്ചായത്തിൽ പഴത്തോട്ടം എന്ന സ്ഥലത്താണ് വെജിറ്റബിൾ പാർക്ക് സ്ഥാപിക്കുവാൻ സർക്കാർ ഉത്തരവ് ആയിട്ടുള്ളത്. 15 കോടി രൂപയാണ് പ്രസ്തുത പ്രോജക്ടിന് വകയിരുത്തിയിട്ടുള്ളത്. വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ (VFPCK)നെയാണ് പദ്ധതി നടത്തിപ്പിന് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി ചുമതലപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ടി സ്ഥലത്തിന്റെ കൈവശാവകാശം കൃഷി വകുപ്പിന് ലഭിച്ചിട്ടില്ല. ഇതു ലഭ്യമായാലുടനെ വിശദമായ പദ്ധതി രേഖ (DPR) തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കാൻ VFPCKയ്ക്ക് സാധിക്കും. |
| (ബി) | പീരുമേട് നിയോജകമണ്ഡലത്തിലെ വണ്ടിപ്പെരിയാർ സംസ്ഥാന വെജിറ്റബിൾ ഫാമിൽ വെജിറ്റബിൾ പാർക്ക് സ്ഥാപിക്കുന്നതിനുള്ള പദ്ധതി വകുപ്പിന്റെ പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (ബി) | വകുപ്പിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ